**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5545** **15-03-2023 - ൽ മറുപടിയ്ക്ക്**

**ചാത്തന്നൂർ മണ്ഡലത്തിലെ പാൽ സംഭരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ജി എസ് ജയലാൽ** | | **ശ്രീമതി ജെ ചിഞ്ചുറാണി (മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി)** | |
| (എ) | ചാത്തന്നൂർ മണ്ഡലത്തിലെ വിവിധ ക്ഷീരസഹകരണ സംഘങ്ങളിൽ നിന്നും പാൽ സംഭരിക്കുന്നതിനായി മിൽമ കൊല്ലം ഡയറിയിൽ നിന്നെത്തുന്ന വാഹനങ്ങളുടെ സമയക്രമം അടിക്കടിമാറ്റുന്നത് മൂലം ക്ഷീരകർഷകർക്കുണ്ടാകുന്ന സാമ്പത്തിക നഷ്ടമുൾപ്പെടെയുള്ള ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | എങ്കിൽ ഇപ്രകാരം വാഹനങ്ങളുടെ സമയക്രമം മാറ്റുന്നതിന്റെ കാരണങ്ങൾ അറിയിക്കാമോ; | (ബി) | ചാത്തന്നൂർ മണ്ഡലത്തിലെ പരിധിയിൽ വരുന്ന ക്ഷീര സംഘങ്ങളിലെ പാൽ സംഭരണം വർദ്ധിച്ചതിനാൽ ടി മണ്ഡലത്തിൽ പ്രവർത്തിക്കുന്ന മീനാട് ബിഎംസിസിയിൽ പാൽ എത്തിക്കുന്ന പാൽ സംഭരണ വാഹനങ്ങളുടെ പരിവാഹന ശേഷിയെക്കാൾ കൂടുതൽ ക്യാനുകൾ എത്തിക്കേണ്ട സാഹചര്യം ഉണ്ടായി. ആയതുകൊണ്ട് പ്രസ്തുത 2 റൂട്ടുകളിൽ ഒരെണ്ണത്തിന് 2 ട്രിപ്പുകളിലായി സമയം ക്രമീകരിച്ച് പാൽ സംഭരിക്കേണ്ടി വരികയും, 2 ട്രിപ്പായി എത്തുമ്പോൾ സമയം വൈകുന്നത് കാരണം പാലിന്റെ ഗുണനിലവാരം ഉറപ്പാക്കുന്നതിനാണ് സംഘങ്ങളുടെ സംഭരണ സമയം 30 മിനിട്ട് നേരത്തെ ആക്കേണ്ടി വന്നിട്ടുള്ളത് |
| (സി) | ഇത്തരം പ്രവണതകൾ ഒഴിവാക്കി ക്ഷീരകർഷകരെ സഹായിക്കുന്നതിന് ഉതകുന്ന നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ? | (സി) | കേന്ദ്ര സർക്കാരിന്റെ എൻ.പി.ഡി.ഡി. പദ്ധതിയിൽ കൂടുതൽ ബിഎംസിസികൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ടി ബിഎംസിസികളുടെ പ്രവർ ത്തനം ആരംഭിക്കുമ്പോൾ ഇതിന് ശാശ്വത പരിഹാരം ഉണ്ടാകുന്നതാണ്. |

സെക്ഷൻ ഓഫീസർ